ശ്രീ. പി. നാരായണൻ: ഇതിന്റെയൊക്കെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി കരിനില വികസന ഏജൻസി എന്നു പറഞ്ഞ് ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാ കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്നാണ് എനിക്ക് അറിയേണ്ടത്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: കമ്മിറ്റി പുനസംഘടിപ്പിച്ചാൽ ഏറ്റെടുത്തു നടത്തുമെങ്കിൽ സമ്മതമാണ്. കമ്മിറ്റി പുനസംഘടിപ്പിച്ചാലും പണം നബാർഡിൽനിന്നും കിട്ടണം. അത് കിട്ടുകയില്ല. പണം കിട്ടാൻ വിഷമമുള്ളതുകൊണ്ടാണ് ഇത് നീളുന്നത്. ഏറ്റവും നല്ല പണിയെന്നു പറയുന്നത് ഈ മിൽ പൂർത്തീകരിച്ചു തരാം. വാടകയ്ക്ക് ഏറ്റെടുത്തു നടത്താൻ ആളിനെ കണ്ടുപിടിച്ചാൽ മതി. അതാണ് നല്ലത്.

(2) വയനാട്ടിലെ കർഷകർ അനുഭവിക്കുന്ന ദുരിതങ്ങൾ

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, ഏറ്റവുമധികം മാനുഷിക പരിഗണന അർഹിക്കുന്ന ഒരു വിഷയമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കാർഷികവൃത്തിയെമാത്രം ആശ്രയിച്ചുകഴിയുന്ന വയനാട്ടിലെ കർഷകർ ഇന്ന് കടക്കെണിയുടെ നടുക്കടലിലാണ്. അഞ്ചു വർഷമായി വയനാട്ടിലെ കാർഷിക വിളകളായ കുരുമുളക്, കാപ്പി എന്നിവയ്ക്ക് വിലയില്ല. ഉല്പാദനക്കുറവും വിലയിടിവും കൊണ്ട് തകർച്ചയിലായ കാർഷിക മേഖല ഈ വർഷം ഉണ്ടായ അഭൂതപൂർവമായ വരൾച്ചയും കൂടിയായപ്പോൾ ഏതാണ്ട് പൂർണ്ണമായും തകർന്നു. വരൾച്ചമൂലം വയനാട്ടിൽ ഉണ്ടായ നഷ്ടം 600 കോടി രൂപയോളം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 42,000 ഏക്കർ കുരുമുളക് കൃഷി ഉണ്ടായിരുന്ന വയനാട്ടിൽ ഇന്ന് 23,000 ഏക്കറായി കുറഞ്ഞിരിക്കുകയാണ്. വരൾച്ചയ്ക്കുമുമ്പ് ശരാശരി 20,000 ടൺ കുരുമുളക് ഉല്പാദിപ്പിച്ചിരുന്നത് 9,000 ടണ്ണായി കുറഞ്ഞിരിക്കുകയാണ്. കുരുമുളകിന് കിലോഗ്രാമിന് 250 രൂപ വരെ ലഭിച്ചിരുന്ന സ്ഥാനത്ത് ഇന്ന് 70 രൂപയാണ് ലഭിക്കുന്നത്. 75,057 ഏക്കറിൽ കാപ്പി ഉണ്ടായിരുന്നു. 29,065 ഏക്കറോളം നശിച്ചുപോയി. 60,000 ടൺ ഉല്പാദനം ഉണ്ടായിരുന്നത് 27,000 ടണ്ണായി കുറഞ്ഞിരിക്കുകയാണ്. കാപ്പി, കുരുമുളക് എന്നിവയുടെ അനിയന്ത്രിതമായ ഇറക്കുമതിയാണ് രണ്ട് നാണ്യവിളകളുടേയും വിലത്തകർച്ചയ്ക്ക് കാരണമായിട്ടുള്ളത്. ഏഴു വർഷത്തിനിടയിൽ ഉണ്ടായ വിലയിടിവും ഉല്പാദനക്കുറവുമാണ് വയനാട്ടിലെ കർഷകരെ രക്ഷപ്പെടാനാകാത്തവിധം കടക്കെണിയിൽ എത്തിച്ചത്. കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയത്തിന്റെ ഭാഗമായി ഉണ്ടായ വിലത്തകർച്ചയിൽനിന്ന് കർഷകർക്ക് ഒരു കാലത്തും രക്ഷപ്പെടാനാകാത്ത നിലയിലെത്തിയിരിക്കുകയാണ്. വിലനിലവാരം മാറുമെന്നുള്ള പ്രതീക്ഷയിൽ വാങ്ങിയ കടങ്ങൾ വർഷങ്ങൾക്കുശേഷവും തിരിച്ചടയ്ക്കാൻ കഴിയാതെ വന്നിരിക്കുകയാണ്. വിലയിടിവും രൂക്ഷമായ വരൾച്ചയും ഉണ്ടായതോടുകൂടി കടം വളർന്ന് ജപ്തി നടപടിയിലേയ്ക്ക് നീങ്ങി. അത് താങ്ങാനാകാതെയാണ് പല ആത്മഹത്യകളും ഉണ്ടായത്. ഇതിന് മാറ്റം ഉണ്ടാകണമെന്നുള്ളതാണ് ആവശ്യം. വയനാട്ടിലെ വാണിജ്യ-ദേശസാൽകൃത കാർഷിക വികസന ബാങ്കുകൾ 160 കോടി രൂപ വായ്പ

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുണ്ട്. അതിൽ 50% തിരിച്ചടവ് നടന്നിട്ടില്ല. 2001-ൽ കാർഷിക വായ്പയുടെ 58% തിരിച്ചടവ് ഉണ്ടായിരുന്നു. സർവ്വീസ് സഹകരണ ബാങ്കുകൾ വായ്പ നൽകിയ 56 കോടി രൂപയിൽ പകുതിയിലധികവും അവധി തെറ്റി കുടിശ്ശികയായി കിടക്കുകയാണ്. അതിൽ 30% നേരത്തേയുള്ള കുടിശ്ശികയാണ്. 114 ബാങ്ക് ശാഖകൾ 706 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. അതിൽ പകുതി പോലും തിരിച്ചടച്ചിട്ടില്ലായെന്നാണ് ബാങ്ക് ജീവനക്കാർ നടത്തിയ സർവ്വേയിൽ പറയുന്നത്. റവന്യൂ വകുപ്പ് മുഖാന്തിരം ജപ്തി നടപടികൾ സ്വീകരിച്ചതിൽ വായ്പയുടെ 5.26% ആണ് തിരിച്ചടവ് ഉണ്ടായത്. വിവിധ ബാങ്കുകളിലായി പതിനായിരത്തോളം ജപ്തി കേസ്സുകളുണ്ട്. കൃഷി നശിച്ചതിനെത്തുടർന്ന് വായ്പാ തിരിച്ചടവ് ശേഷി ഇല്ലാതായി. 706 കോടി രൂപ വായ്പ നൽകിയപ്പോൾ ബാങ്കുകൾക്ക് തിരിച്ചുകിട്ടിയത് 37.68 കോടി രൂപ മാത്രമാണ്. കൃഷി നശിച്ച കർഷകർക്ക് ഇനി വായ്പാ ഇടപാടുകൾ തീർക്കണമെങ്കിൽ അടുത്ത് കൃഷിയിറക്കി അതിൽനിന്നും ആദായം ലഭിക്കണം. അതിന് ചുരുങ്ങിയത് അഞ്ചു വർഷമെങ്കിലും വേണം. സംസ്ഥാന സർക്കാർ അടുത്തയിടെ പ്രഖ്യാപിച്ച പലിശയിളവ് ഇവിടുത്തെ കർഷകർക്ക് ഗുണം ചെയ്യുകയില്ല. 2004 ജനുവരി മാസം മുതൽ ഒരു വർഷത്തേയ്ക്ക് പലിശയിളവ് അനുവദിക്കുകയും കടങ്ങൾക്ക് ഒരുവർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വയനാട് സന്ദർശിച്ചപ്പോൾ രൂക്ഷമായ വരൾച്ചയും അതുമൂലം കൃഷിക്കാർ അനുഭവിക്കുന്ന ദുരിതവും പ്രയാസങ്ങളും നേരിട്ടു മനസ്സിലാക്കി, കർഷകരുടെ കണ്ണീർ കണ്ടുകൊണ്ടാണ് ആശ്വാസം പ്രഖ്യാപിക്കാൻ തീരുമാനമായത്. അതോടൊപ്പംതന്നെ രണ്ടു മാസത്തെ സൗജന്യ റേഷൻ കൊടുക്കാൻ തീരുമാനിച്ചു. ഒരുപരിധിവരെ ചെറിയൊരു ആശ്വാസം കൃഷിക്കാർക്ക് കിട്ടിയെങ്കിലും നാണ്യവിളകൾ നട്ടുപിടിപ്പിച്ച് അതിൽനിന്നും ആദായമെടുക്കണമെങ്കിൽ അഞ്ചു വർഷമെങ്കിലും വേണം. ഇത്തരം സാഹചര്യത്തിൽ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഒരു വർഷത്തേയ്ക്ക് കടം ഇളവു ചെയ്തത് അഞ്ചു വർഷത്തേയ്ക്ക് ആക്കി മാറ്റണം. അഞ്ചു വർഷത്തേയ്ക്ക് കാർഷിക കടങ്ങളുടെ പലിശ ഒഴിവാക്കിക്കൊടുക്കുകയും കാർഷിക കടങ്ങൾക്ക് അഞ്ചു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിച്ചുകൊണ്ട് കൃഷിക്കാരെ രക്ഷിക്കുന്നതിനുള്ള നടപടി ഉണ്ടാകുകയും വേണം. വയനാട്ടിന്റെ പ്രത്യേക സാഹചര്യത്തിൽ കൃഷിക്കാർ ഇന്ന് ആത്മഹത്യയുടെ വക്കിൽ എത്തിനിൽക്കുകയാണ്. വയനാട്ടിൽ നിരവധി ആത്മഹത്യകൾ ഉണ്ടായിട്ടുണ്ട്. കാർഷിക കടങ്ങൾ തിരിച്ചടയ്ക്കാൻ കഴിയാതെ കഷ്ടപ്പെടുന്ന കുടുംബങ്ങൾ അവസാനം ഗത്യന്തരമില്ലാതെ ആത്മഹത്യയിലേയ്ക്ക് നീങ്ങുന്ന സാഹചര്യം ഇന്ന് വയനാട്ടിലുണ്ട്. ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ടുകൊണ്ട് വയനാട്ടിലെ കർഷകരെ രക്ഷിക്കുന്നതിന് ഒരു സ്പെഷ്യൽ പാക്കേജ് ഉണ്ടാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വയനാട് സന്ദർശിച്ചപ്പോൾ കൃഷിക്കാർക്കുവേണ്ടി പ്രത്യേകം പാക്കേജ് കൊണ്ടുവരാമെന്ന് സമ്മതിച്ചിരുന്നു. സ്പെഷ്യൽ പാക്കേജിലൂടെ വയനാട്ടിലെ ജനതയെ സഹായിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഗവൺമെന്റ് മുന്നോട്ടുവരണം. അതോടൊപ്പം കൃഷിക്കാർക്ക് താൽക്കാലിക ആശ്വാസം കൊണ്ട് പിടിച്ചുനിൽക്കാൻ കഴിയുകയില്ല. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് വയനാട്ടിൽ വന്ന് കാര്യങ്ങൾ മനസ്സിലാക്കിയതിൽ വലിയ നന്ദിയുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ടുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാർക്ക് വീണ്ടും കൃഷിയിറക്കുന്നതിന് പലിശരഹിത ദീർഘകാല വായ്പ അനുവദിക്കണം. വരൾച്ച നേരിടാൻ സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തിരമായ നടപടികൾ ഉണ്ടാകണം. വായ്പ തിരിച്ചടയ്ക്കാൻ പ്രയാസമുള്ളവരുടെ വായ്പകൾ എഴുതിത്തള്ളുകയും അല്ലാത്തവരുടെ മുതൽ അടയ്ക്കാൻ അഞ്ചുവർഷത്തെ സാവകാശം അനുവദിക്കുകയും വേണം. വരൾച്ചകൊണ്ട് കൃഷി നശിച്ച കൃഷിക്കാരെ സഹായിക്കുന്നതിന് ഗവൺമെന്റ് മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വയനാടൻ കർഷകരുടെ പ്രയാസങ്ങൾ ഗവൺമെന്റ് മനസ്സിലാക്കുന്നുണ്ട്. വയനാടൻ കർഷകർക്ക് സഹായം നൽകാൻ ഗവൺമെന്റ് പരമാവധി ശ്രമിച്ചിട്ടുണ്ട്. ഇനിയും ആ ശ്രമം കൂടുതൽ മുന്നോട്ട് കൊണ്ടുപോകും. ബഹുമാനപ്പെട്ട മെമ്പർ ഈ പ്രശ്നം ഉന്നയിച്ചപ്പോൾ അദ്ദേഹത്തിന്റെ ആ സ്വരം തന്നെ കൃഷിക്കാരുടെ വേദനകളുടെ പ്രതിഫലനമായിരുന്നു. ഞാൻ ആ പ്രദേശങ്ങളെല്ലാം നേരിട്ട് സന്ദർശിച്ചതാണ്. ആളുകളെ നേരിട്ട് കണ്ട് അവരുടെ കദനകഥകൾ കേട്ടതാണ്. അവരെ എല്ലാ നിലയിലും സഹായിച്ച് കടബാദ്ധ്യതയിൽനിന്ന് രക്ഷിക്കണം എന്നാണ് എന്റേയും ഗവൺമെന്റിന്റേയും നിലപാട്. അതിനുവേണ്ടി കുറേ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇനിയും കൂടുതൽ കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് ആത്മാർത്ഥമായി ശ്രമിക്കുന്നതാണ്. 2003 വർഷത്തിലെ ഇടവപ്പാതിയുടെ ലഭ്യതക്കുറവും തുലാവർഷം ലഭിക്കാത്തതുംമൂലം വയനാടിൽ വരൾച്ച അനുഭവപ്പെട്ടു. കാർഷികരംഗത്ത് വിളനഷ്ടവും കൃഷിനാശവും ഉണ്ടായിട്ടുണ്ട്. പല സ്ഥലങ്ങളിലും വെള്ളത്തിന്റെ അഭാവം മൂലം ഹൃസ്വകാല വിളകളായ നെല്ല്, പച്ചക്കറി മുതലായ കൃഷികൾ ഇറക്കിയിട്ടില്ല. പ്രാഥമിക കണക്കനുസരിച്ച് ആകെ 270.43 കോടി രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായതായും ഇതിൽ 10.84 കോടി രൂപയുടെ നഷ്ടം വിള മുഴുവനായും നശിച്ചതിനാൽ ഉണ്ടായതായും കണക്കാക്കപ്പെട്ടിട്ടുണ്ട്. ഈ കണക്ക് പൂർണ്ണമല്ല. കൃഷിനാശം ഉണ്ടായ കർഷകർക്ക് ആശ്വാസം ഉണ്ടാക്കുന്നതിനായി വിവിധ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ജില്ലാ കളക്ടറുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 338.56 ലക്ഷം രൂപ 30,357 കർഷകർക്കായി ഇതിനകം തന്നെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വിളനാശം സംഭവിച്ച കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിനായി 128.56 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ഏകദേശം 1.41 ലക്ഷം ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യപ്പെടുന്ന ദീർഘകാല വിളകളായ കാപ്പി, കുരുമുളക്, കമുക്, തെങ്ങ്, ഏലം, റബ്ബർ, തേയില മുതലായ വിളകൾക്ക് ഉണ്ടായ നഷ്ടം നികത്തുവാൻ അടുത്ത രണ്ട് മൂന്ന് നാല് വർഷം വരെ സഹായം ആവശ്യമാണെന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചിരുന്നു. വയനാടൻ ജില്ലയ്ക്ക് അനുവദിച്ചുവരുന്ന സഹായത്തിന്റെ വിതരണം മെച്ചപ്പെടുത്തുന്നതിനായി കാസർഗോഡ്, തൃശൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ നിന്നും ഫീൽഡ് ആഫീസർമാരെ പ്രത്യേകമായി, അധികമായി നിയമിച്ചിട്ടുണ്ട്. അവിടത്തെ ആഫീസർമാരെ കൊണ്ടുമാത്രമാണെങ്കിൽ താമസം

LIBRARY ARCHIVES Kerala Legislative Assembly

വരും എന്നുള്ളതുകൊണ്ടാണ്, എത്രയും വേഗം ഈ നഷ്ടപരിഹാരം തിട്ടപ്പെടുത്തി എല്ലാവർക്കും കൊടുക്കണമെന്ന ഗവൺമെന്റിന്റെ നിർബ്ബന്ധബുദ്ധികൊണ്ടാണ് അയൽ ജില്ലകളിൽ നിന്നുപോലും കൃഷി ആഫീസർമാരെ വയനാട്ടിൽ നിയമിച്ചത്. കാർഷിക കടാശ്വാസം നൽകുന്നതിന് 9-6-1994-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം സഹകരണസംഘങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നുനൽകിയ കാർഷിക കടങ്ങൾക്ക് 23-1-2004 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. മോറോട്ടോറിയം കാലാവധിയിൽ പലിശ, പിഴപ്പലിശ എന്നിവയിൽ ഇളവ്, മോറട്ടോറിയം കാലാവധിക്കുശേഷം വായ്പാ തുക റീ ഷെഡ്യൂളിംഗ് എന്നീ സഹായങ്ങൾ നൽകിയിട്ടുണ്ട്. ഇന്നലെ ചേർന്ന സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റിയിൽ വയനാട്ടിലെ മാത്രമല്ല, കേരളത്തിലെ മൊത്തം കൃഷിക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. കൃഷിക്കാർക്ക് ഇത്തവണ കഴിഞ്ഞ വർഷത്തേക്കാൾ 1,200 കോടി രൂപയോളം കൂടുതലായി വായ്പ നൽകുവാനും കടങ്ങൾ റീഷെഡ്യൂൾ ചെയ്യുവാനും തീരുമാനം എടുത്തിട്ടുണ്ട്. വയനാട് പോലുള്ള പ്രദേശങ്ങളിലെ കൃഷിക്കാരുടെ പ്രശ്നങ്ങൾ പ്രത്യേകമായി പരിഗണിച്ച്, അവർക്ക് ആശ്വാസനടപടികൾ നൽകുന്ന കാര്യം ഗവൺമെന്റ് ചർച്ച ചെയ്തു കൊണ്ടിരിക്കുകയാണ്. കേന്ദ്രഗവൺമെന്റ് കാർഷിക മേഖലയ്ക്ക് നൽകുന്ന മുൻഗണനയുടെ സാഹചര്യത്തിൽ കൃഷിക്കാർക്ക് കടബാദ്ധ്യതയുടെ കാര്യത്തിൽ കുറേക്കൂടി സഹായകരമായ നിലപാട് ഉണ്ടാകും എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. 50,000 രൂപയിൽ താഴെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ നടപടിയുണ്ടാകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെ കടങ്ങളുടെ പ്രശ്നങ്ങൾക്കൊക്കെ പുറമേ വയനാടിൽ ഉണ്ടായ വരൾച്ച മാത്രമല്ല, വയനാടൻ കൃഷിക്കാരുടെ പ്രധാനപ്പെട്ട കാർഷികോൽപ്പന്നങ്ങളായ കാപ്പി, കുരുമുളക്, തേയില, ഇവയുടെയെല്ലാം വിലയിടിവും കൂടിയാണ് അവിടത്തെ പ്രശ്നങ്ങൾ രൂക്ഷമാക്കിയത്. പുതിയതായി അധികാരത്തിൽ വന്ന കേന്ദ്ര ഗവൺമെന്റിനോട്, പ്രധാനമന്ത്രിയടക്കം എല്ലാവരേയും കണ്ട്, കേരളത്തിലെ കാർഷിക മേഖലയുടെ മൊത്തം പ്രശ്നം, പിന്നെ വയനാട്ടിലെ പ്രശ്നം, കാർഷിക വിളകളായ കാപ്പി, തേയില, കുരുമുളക് ഇവയുടെയൊക്കെ കാര്യം പ്രത്യേകം പറഞ്ഞിട്ടുണ്ട്. നികുതി ഇളവ് നൽകിയും മറ്റ് സഹായങ്ങൾ നൽകിയും ഈ കാർഷിക മേഖലയെ രക്ഷിക്കണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. അതുപോലെ അനിയന്ത്രിതമായ ഇറക്കുമതി ഉണ്ടാകാതിരിക്കാൻ കർശനമായ നിയന്ത്രണങ്ങൾ ഉണ്ടാകണമെന്നും ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കൂടുതൽ നിയന്ത്രണങ്ങളിൽക്കൂടിയും നികുതിഘടനയിൽ മാറ്റം വരുത്തിക്കൊണ്ടും ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിച്ചുകൊണ്ടും കാപ്പിയുടേയും അതുപോലെ തോയിലയുടേയും എല്ലാം വില വർദ്ധനവ് എളുപ്പത്തിലാക്കാൻ സാധിക്കും എന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. അതിന്റെയെല്ലാം ഫലമായി കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് കൂടുതൽ ആശ്വാസം ഉണ്ടാകും. എന്ന് മാത്രമല്ല, കേരളത്തിലൊട്ടാകെ തന്നെ കാർഷിക മേഖലയ്ക്ക് കൂടുതൽ സഹായം ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്. ഗവൺമെന്റിന്റെ ആശ്വാസ നടപടിയിൽ കൂടുതൽ പരിഗണന വയനാടൻ കർഷകർക്ക് ഉണ്ടാകും എന്ന് ഞാൻ ഈ അവസരത്തിൽ സഭയ്ക്ക് ഉറപ്പ് നൽകൻ ആഗ്രഹിക്കുന്നു.

2/932/2012—14

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, വരൾച്ചകൊണ്ട് ഉണങ്ങി നശിച്ച കാർഷിക വിളകൾ പുതിയതായി വച്ചു പിടിപ്പിച്ചാലും ഫലം കിട്ടണമെങ്കിൽ 5 വർഷക്കാലം കാത്തിരിക്കണം. കർഷകരെ സംബന്ധിച്ച് വാങ്ങിയ കടങ്ങൾക്ക് ഒരു മോറട്ടോറിയം പ്രഖ്യാപിച്ച് പലിശയിളവ് കൊടുത്തില്ലെങ്കിൽ ജീവിച്ചു പോകാൻ ബുദ്ധിമുട്ടുണ്ടാകും. അതുപോലെതന്നെ ഷെഡ്യൂൾഡ് ബാങ്കുകൾ ഇക്കാര്യത്തിൽ ഇതുവരെ യാതൊരു ആനുകൂല്യവും നൽകാതിരിക്കുന്ന സാഹചര്യം ഉണ്ട്. ഈ രണ്ടു കാര്യങ്ങളിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പരിഗണനയുണ്ടാകണം.

ശ്രീ. എ. കെ. ആന്റണി : ഷെഡ്യൂൾഡ് ബാങ്കുകളുടെ പ്രശ്നം ഞാൻ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് മീറ്റിംഗിൽ ഉന്നയിച്ചിട്ടുണ്ട്. അവർ ഈ കാര്യത്തിൽ പ്രത്യേകമായ നടപടി സ്വീകരിക്കും എന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. കാർഷിക കടങ്ങൾക്ക് 1 വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പലിശയിളവും പിഴപ്പലിശ ഇളവും എല്ലാം ഒരു വർഷത്തേയ്ക്ക് അനുവദിച്ചിട്ടുണ്ട്. കാർഷിക കടങ്ങളുടെ കാര്യത്തിൽ റിസർവ് ബാങ്ക് തന്നെ ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. രജിസ്ട്രേഷൻ, പലിശയിളവ് ഇത്തരം കാര്യങ്ങൾ പരിശോധിക്കാൻ നിർദ്ദേശിച്ചിരിക്കുകയാണ്. മാത്രമല്ല, ഒരു വർഷത്തെ ഇടവേളയ്ക്കുള്ളിൽ കേന്ദ്രത്തിന്റെ സഹായത്തോടുകൂടി ഷെഡ്യൂൾഡ് ബാങ്കുകളെക്കൊണ്ടും മറ്റ് ബാങ്കുകളെക്കൊണ്ടും മറ്റു സ്ഥാപനങ്ങളെക്കൊണ്ടും കൃഷിക്കാർക്ക് സഹായകരമായ കൂടുതൽ നടപടികൾ സ്വീകരിപ്പിക്കാൻ സാധിക്കും. ഒരു വർഷത്തെ സാവകാശം ഉണ്ട്. ഇന്നത്തേക്കാൾ കൂടുതൽ ആശ്വാസ നടപടികൾ ഒരു വർഷത്തിനുള്ളിൽ തീർച്ചയായും കാർഷിക മേഖലയിൽ പൊതുവിൽ ഉണ്ടാകും. ആ അവസരത്തിൽ വയനാടിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യും എന്നാണ് എനിക്ക് പറയാനുള്ളത്.

III. സബ്മിഷൻ

(1) ബാങ്കുകളിൽ നിന്ന് വായ്പ എടുത്തവർക്ക് മോറട്ടോറിയം ആനുകൂല്യം ലഭിക്കണമെന്ന ആവശ്യം

ശ്രീ. കെ. സി. ജോസഫ് : സർ, ബഹുമാന്യമായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് കാർഷിക കടങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു എന്നാണ്. ഇപ്പോൾ കേന്ദ്രത്തിൽ മൻമോഹൻ സിംഗ് ഗവൺമെന്റും രണ്ടുവർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിരിക്കുന്നു. പക്ഷേ ഫലത്തിൽ ഈ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് നിയന്ത്രിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ദേശസാൽക്കൃത ബാങ്കുകൾ, ഇതെല്ലാം പോകട്ടെ, കേരളത്തിലെ സഹകരണ ബാങ്കുകൾപോലും ഈ ആനുകൂല്യം കൊടുക്കുന്നില്ല. കണ്ണൂർ ജില്ലയിൽ മാർക്സിസ്റ്റു പാർട്ടി നിയന്ത്രിക്കുന്ന കൊട്ടിയൂർ സഹകരണ ബാങ്ക്, കേളകം സഹകരണ ബാങ്ക്, ചെട്ടിയാംപീടിക സഹകരണബാങ്ക് തുടങ്ങിയവപോലും മോറട്ടോറിയം ആനുകൂല്യം നൽകാതെയിരിക്കുകയാണ്. സി.പി.എം. നിയന്ത്രിക്കുന്ന കൊട്ടിയൂർ സഹകരണ ബാങ്ക് കേസ് കൊടുത്തു. ശ്രീ. സെബാസ്റ്റ്യൻ ജയിലിലാണ്, എന്റെ മണ്ഡലത്തിലെ കരുവഞ്ചാലിൽ ഗ്രാമീൺ ബാങ്ക് കേസ് കൊടുത്തതിന്റെ പേരിൽ അവിടെ റോയി സെബാസ്റ്റ്യൻ ഒരാഴ്ചയായി